File No.TRANS-C3/296/2019-TRANS

TRANSPORT COMMISSIONER
KERALA
INWARD No:
RECEIVED ON
2019
150 YEARS OF CELEBRATING THE MAHATMA

A
e-116097/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ് - ജീവനക്കാര്യം - ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ - സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗതം(സി)വകുപ്പ്

**സ.ഉ.(സാധാ) നം.510/2019/ഗതാഗതം** തീയതി,തിരുവനന്തപുരം, 06/11/2019

പരാമർശം:- 1 സ.ഉ.(സാധാ)നമ്പർ.416/2019/ഗതാഗതം തീയതി 01.09.2019.

2 വിജിലൻസ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ 01.10.2019-ലെ VIG-A3/260/2019-VIG-നമ്പർ റിപ്പോർട്ട്

ഉത്തരവ്

പരാമർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫിസർ ആയിരുന്ന ശ്രീ.പി.ബി.പദ്മകുമാറിനെ അന്വേഷണ വിധേയമായി സർവീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും കോട്ടയം റീജിയണൽ ട്രാൻസ്പോർട് ഓഫീസർക്ക് കാഞ്ഞിരപ്പള്ളി, സബ്-റീജിയണൽ ട്രാൻസ്പോർട് ഓഫിസിൽ പകരം ക്രമീകരണം നടത്തുന്നതിന് ചുമതലയും നല്കിയിരുന്നു.

2) ചുവടെ പറയുന്ന സ്ഥലംമാറ്റ നിയമനങ്ങൾ ഉടൻ പ്രാബല്യത്തിൽ ഉത്തരവാകുന്നു.

i) പത്തനാപുരം ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ ശ്രീ.സഞ്ജയ് എസ്. നെ കാഞ്ഞിരപ്പള്ളി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫിസർ ആയിരുന്ന ശ്രീ.പി.ബി.പദ്മകുമാറിനെ സസ്പെൻഡ് ചെയ്ത ഒഴിവിലേക്ക് മാറ്റി നിയമിക്കുന്നു.

ii) റാന്നി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ ശ്രീ.പി.സി.ചെറിയാനെ അപേക്ഷ പ്രകാരം ചങ്ങനാശേരി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസറായും ചങ്ങനാശേരി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ ശ്രീ.ആർ.ജോയിയെ അപേക്ഷപ്രകാരം തിരുവനന്തപുരം ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസറായും മാറ്റി നിയമിക്കുന്നു.

iii) സ്ഥലം മാറുന്ന തിരുവനന്തപുരം ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ ശ്രീ.തങ്കരാജിനെ നെയ്യാറ്റിൻകര ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസറായും നെയ്യാറ്റിൻകര ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ ശ്രീ.വേണുഗോപാലൻ പോറ്റി പി.ജി. യെ അപേക്ഷപ്രകാരം നെടുമങ്ങാട് ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസറായും മാറ്റി നിയമിക്കുന്നു.

iv) സ്ഥലം മാറുന്ന നെടുമങ്ങാട് ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ ശ്രീ.സുനിൽ കുമാറിനെ റാന്നി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ ശ്രീ.പി.സി.ചെറിയാനെ സ്ഥലം മാറുന്ന ഒഴിവിലേക്ക് നിയമിക്കുന്നു.

v) കൊടുവള്ളി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ ശ്രീമതി.ഷീബ രാജനെ പത്തനാപുരം ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ ശ്രീ.സഞ്ജയ് എസ്. നെ സ്ഥലം മാറ്റുന്ന ഒഴിവിലേക്ക് മാറ്റി നിയമിക്കുന്നു.

vi) പരാമർശം (2) പ്രകാരം വിജിലൻസ് വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിൽ ക്രമക്കേടിന് കാരണക്കാരനായ ചേർത്തല ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ ശ്രീ.കെ.ഹരികൃഷ്ണനെ ചെങ്ങന്നൂർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസറായും സ്ഥലം മാറ്റുന്ന ചെങ്ങന്നൂർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ ശ്രീ.ഡി.ജയരാജിനെ ചേർത്തല ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസറായും മാറ്റി നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

C M AJAYAMOHAN

അഡീഷണല് സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ട്രാൻസ്പോർട് കമ്മീഷണർ മുഖേന)
ട്രാൻസ്പോർട് കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്. (ട്രാൻസ്പോർട് കമ്മീഷണർ മുഖേന)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ് നു
ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ ക്കു